ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

DATE: 10.05.2024 TIME : 12.50 PM

## പ്രധാന

1. രാജ്യത്തെ അതിർത്തി മേഖലയിൽ ജാഗ്രത കൂടുതൽ ശക്തമാക്കി ഇന്ത്യ. ജമ്മുവിനടുത്തുള്ള പാകിസ്ഥാൻ പോസ്റ്റുകളും ലോഞ്ച് പാഡും ഇന്ത്യൻ സൈന്യം തകർത്തു.

   **India intensifies vigilance in the country's border areas. The Indian Army has destroyed Pakistani posts and launch pads near Jammu.**

2. അതിർത്തി മേഖലകളിലെ പാക് - പ്രകോപനം ശക്തമായി പ്രതിരോധിച്ച് ഇന്ത്യ , പാകിസ്ഥാൻ അവകാശവാദങ്ങൾ തെറ്റെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി.

   **India has strongly defends Pakistan's provocations in the border areas. The claims of Pakistan are false says Foreign Secretary Vikram Mishri.**

3. വ്യോമസേന താവളങ്ങൾ, ജനവാസ മേഖലകൾ, സ്കൂളുകൾ, എന്നിവ ലക്ഷ്യമിട്ടായിരുന്നു പാക് ആക്രമണശ്രമമെന്ന് ഇന്ത്യൻ സേന.

   **The Indian Army says that the Pakistan attack attempt was aimed at air force bases, residential areas, schools, etc.**

4. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ സംഘർഷ ബാധിത പ്രദേശങ്ങളിൽ നിന്നും കേരളത്തിലേക്ക് മടങ്ങുന്നതിനായി 75 ഓളം വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി.

**In the wake of Operation Sindoor, about 75 students from conflict-affected areas reached Delhi's Kerala House to return to Kerala.**

5. **കേരളത്തിൽ വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് പോസ്റ്റ് ഓഫീസ് കെട്ടിടം കേന്ദ്ര സഹമന്ത്രി ചന്ദ്രശേഖർ പെമ്മസനി ഉദ്ഘാടനം ചെയ്തു.**

**Union Minister of State for Education Chandrashekhar Pemmasani inaugurated the newly constructed sub-post office building in Varkala, Kerala.**

6. **ഷാങ്ഹായിൽ നടന്ന വേൾഡ് കപ്പ്അമ്പെയ്ത്ത് സ്റ്റേജ് 2 - മത്സരത്തിൽ ഇന്ത്യക്ക് മൂന്ന് മെഡലുകൾ .**

**India won three medals in the World Cup Archery Stage 2 competition held in Shanghai.**

&&&&&&&&&&&&&&&&&&

## HEAD LINES – 1

### PAK DRONES

രാജ്യത്തെ അതിർത്തി മേഖലയിൽ ജാഗ്രത ശക്തമാക്കി ഇന്ത്യ. പാക് പ്രകോപനം തുടരുന്ന സാഹചര്യത്തിലാണ് നടപടി. ജമ്മുവിനടുത്തുള്ള പാകിസ്ഥാൻ പോസ്റ്റുകളും തീവ്രവാദികൾ ട്യൂബ്-ലോഞ്ച് ഡ്രോണുകൾ വിക്ഷേപിച്ചിരുന്ന ലോഞ്ച് പാഡും ഇന്ത്യൻ സൈന്യം തകർത്തു. ഇന്ന് പുലർച്ചെ 5 മണിയോടെ അമൃത്സറിലെ ഖസാകന്ത് മേഖലയിൽ നിരവധി സായുധ ഡ്രോണുകൾ കണ്ടതായി ഇന്ത്യൻ സേന അറിയിച്ചു. സൈനികതാവളങ്ങളെയും സാധാരണ ജനങ്ങളെയും ലക്ഷ്യം വച്ചുള്ള ഡ്രോണുകളായിരുന്നു ഇവയെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി. സുരക്ഷാ സേന ശക്തമായി തിരിച്ചടിച്ചതായും പാകിസ്ഥാൻ പോസ്റ്റുകൾക്ക് കനത്ത നാശനഷ്ടം ഉണ്ടായെന്നും ബിഎസ്എഫ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINES – 3

**Col Sofiya Qureshi (intro)**

*പാകിസ്ഥാൻ സേന ഡ്രോണുകൾ, ഫൈറ്റർ ജെറ്റുകൾ, ദീർഘദൂര മിസൈലുകൾ എന്നിവ ഉപയോഗിച്ച് ആക്രമണ ശ്രമം നടത്തിയതായി കേണൽ സോഫിയ ഖുറേഷി. വിദേശകാര്യ-പ്രതിരോധ മന്ത്രാലയങ്ങളുടെ സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. 26-ലേറെ ഇടങ്ങളിൽ പാകിസ്ഥാൻ ആക്രമണ ശ്രമം നടത്തിയതായും കേണൽ സോഫിയ ഖുറേഷി പറഞ്ഞു. ഉധംപൂർ, ഭുജ്, പത്താൻകോട്ട്, ഭട്ടിണ്ഡ എന്നിവടങ്ങളിലെ വ്യോമസേന താവളങ്ങൾ, സ്കൂളുകളും ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമിട്ടിരുന്നതായും കേണൽ സോഫിയ ഖുറേഷി സംയുക്ത വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. (ഹോൾഡ് വോയ്സ്.......)*

&&&&&&&&&&&&&&&&&&&

**Vyomika Singh (intro)**

*പാകിസ്ഥാൻ സൈന്യത്തിന്റെ ആക്രമണങ്ങൾ ചെറുക്കാൻ ഇന്ത്യൻ സേനകൾ സജ്ജമെന്ന് വിങ് കമാൻഡർ വ്യോമികാ സിങ് സംയുക്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എല്ലാത്തരം നീക്കങ്ങളേയും ഇന്ത്യ നേരിടാൻ തയ്യാറാണ്. പാകിസ്ഥാൻ അന്താരാഷ്ട്ര വ്യോമപാത ദുരുപയോഗം ചെയ്യുതായും അവർ പറഞ്ഞു. ആക്രമണം സംബന്ധിച്ച് പാകിസ്ഥാൻ വ്യാജ പ്രചരണം നടത്തുന്നതായും വിങ് കമാൻഡർ വ്യക്തമാക്കി.*

*(ഹോൾഡ് വോയിസ്)*

&&&&&&&&&&&&&&&&&&&

## HEAD LINES – 2

**Vikram Misri (intro)**

*രാജ്യത്തിന്റെ അതിർത്തി മേഖലയിൽ പാകിസ്ഥാൻറെ ഭാഗത്തുനിന്നും പ്രകോപനം തുടരുകയാണെന്നും ഈ നീക്കങ്ങളെ ഇന്ത്യ ശക്തമായി പ്രതിരോധിക്കുന്നുണ്ടെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.*

***ഇന്ത്യയുടെ വിവിധ സേനാകേന്ദ്രങ്ങൾ, വ്യോമ സേന കേന്ദ്രങ്ങൾ , വൈദ്യുതി ഗ്രിഡ് എന്നിവ ആക്രമിച്ചതായുള്ള പാകിസ്ഥാൻ അവകാശവാദങ്ങൾ തെറ്റെന്നും ശ്രീ മിശ്രി അറിയിച്ചു. (ഹോൾഡ് വോയ്സ്.......)***

&&&&&&&&&&&&&&&&&&

**SIRSA MISSILE**

സിർസയിൽ ഇന്ത്യൻ സായുധ സേന, പാകിസ്ഥാൻ മിസൈൽ തകർത്തു. ആകാശത്ത് വെച്ച് നശിപ്പിക്കപ്പെട്ട മിസൈലിന്റെ അവശിഷ്ടങ്ങൾ ഖജാഖേദ, ഫിറോസാബാദ് ഗ്രാമങ്ങളിലെ വയലുകളിൽ നിന്ന് കണ്ടെത്തിയതായി ആകാശവാണി ലേഖകൻ റിപ്പോർട്ട് ചെയ്തു. കണ്ടെത്തിയ മിസൈൽ അവശിഷ്ടങ്ങൾ വ്യോമസേന ഏറ്റെടുത്തു.

&&&&&&&&&&&&&&&&&&

**SJAYASHANKAR**

അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-പാക് സംഘർഷം ലഘൂകരിക്കുന്നതിന് ഇരപക്ഷവും നടപടികൾ സ്വീകരിക്കണമെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഭാവിയിലെ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനുള്ള ചർച്ചകൾക്ക് അമേരിക്ക പിന്തുണ നൽകുമെന്നും മാർക്കോ റൂബിയോ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

&&&&&&&&&&&&&&&&&&

## HEAD LINES – 4

**KERALA HOUSE - DELHI**

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ സംഘർഷ ബാധിതമായ അതിർത്തി സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും കേരളത്തിലേക്ക് മടങ്ങുന്നതിനായി 75 ഓളം വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി. ജമ്മു , രാജസ്ഥാൻ , പഞ്ചാബ് എന്നിവിടങ്ങളിലെ വിവിധ കേന്ദ്ര - സംസ്ഥാന സർവകലാശാലകളിലെ വിദ്യാർത്ഥികളായ ഇവർ വൈകാതെ നാട്ടിലേക്ക് തിരിക്കും.

സംഘർഷാവസ്ഥയുടെ പശ്ചാത്തലത്തിൽ അതിർത്തി സംസ്ഥാനങ്ങളിലെ കേരളീയർക്ക് സഹായവും വിവരങ്ങളും ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരമാണ് ന്യൂഡൽഹി കേരള ഹൗസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നത്. കൺട്രോൾ റൂം ഹെൽപ്പ് ലൈൻ നമ്പർ. 01123747079.

&&&&&&&&&&&&&&&&&&

## MAIL ID CHANGE

ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, സംഘർഷമേഖലയിൽ കുടുങ്ങിയവർക്ക് സഹായം എത്തിക്കുന്നതിനായി ഗവ. സെക്രട്ടേറിയറ്റ് കേന്ദ്രീകരിച്ച് കേരളത്തിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിന്റെ മെയിൽ ഐ.ഡി.യിൽ മാറ്റം. പുതിയ ഇ-മെയിൽ ഐഡി ഇനി പറയുന്നു. cdmdkerala@kfon.in

&&&&&&&&&&&&&&&&&&

## HEAD LINES – 5

### DR.CHANDRASEKHAR PEMMASENI

കേരളത്തിൽ വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് പോസ്റ്റ് ഓഫീസ് കെട്ടിടം കേന്ദ്ര സഹമന്ത്രി ഡോ. ചന്ദ്രശേഖർ പെമ്മസനി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ഫലകം അനാച്ഛാദനം ചെയ്ത ശേഷം കേന്ദ്ര സഹമന്ത്രി കെട്ടിടം സന്ദർശിച്ചു. കേരള സർക്കിൾ ചീഫ് പോസ്റ്റ്

മാസ്റ്റർ ജനറൽ ജെ ടി വെങ്കടേശ്വർലു, അടൂർ പ്രകാശ് എം പി, മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINES – 6

### ARCHERY WORLD CUP

ഷാങ്ഹായിൽ നടന്ന വേൾഡ് കപ്പ് അമ്പെയ്ത്ത് സ്റ്റേജ് 2 - മത്സരത്തിൽ ഇന്ത്യ മൂന്ന് മെഡലുകൾ നേടി. അഭിഷേക് വർമ്മ, ഓജസ് ഡിയോട്ടാലെ, ഋഷഭ് യാദവ് എന്നിവരടങ്ങുന്ന പുരുഷ കോമ്പൗണ്ട് ടീം ഫൈനലിൽ മെക്സിക്കോ ടീമിനെ പരാജയപ്പെടുത്തി സ്വർണം നേടി. വനിതാ കോമ്പൗണ്ട് ഇനത്തിൽ വെള്ളിയും മിക്സഡ് ടീം ഇനത്തിൽ വെങ്കലവും ഇന്ത്യനേടി.

&&&&&&&&&&&&&&&&&&

### INDIA RGI REPORT

രാജ്യത്ത് മാതൃ-ശിശു മരണനിരക്കിൽ ഗണ്യമായ കുറവ് വന്നതായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറത്തിറക്കിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട്. 2014-ൽ മാതൃമരണ അനുപാതം ഒരു ലക്ഷം പ്രസവങ്ങളിൽ 130 ആയിരുന്നത് 2021 ൽ നിന്ന് 93 ആയി കുറഞ്ഞു. 1000 ജനനങ്ങൾക്ക് 39 ആയിരുന്ന ശിശുമരണ നിരക്ക് 27 ആയും നവജാത ശിശുമരണ നിരക്ക് ആയിരത്തിന് 26 ആയിരുന്നത് 19 ആയും കുറഞ്ഞു . അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ആയിരത്തിന് 45 ആയിരുന്നത് 31 ആയി കുറഞ്ഞു. 2030 ൽ സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്നും റിപ്പോർട്ട് പറയുന്നു.

&&&&&&&&&&&&&&&&&&

### IMD WEATHER

വടക്കുപടിഞ്ഞാറൻ, മധ്യ- കിഴക്കൻ ഇന്ത്യയിൽ ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. അരുണാചൽ പ്രദേശിൽ ഇന്നും

അസം, മണിപ്പൂർ, മേഘാലയ, പശ്ചിമബംഗാളിലെ ഹിമാലയൻ മേഖല സിക്കിം എന്നിവിടങ്ങളിൽ നാളെയും ശക്തമായ മഴയ്ക്ക് സാധ്യയുണ്ട്.

&&&&&&&&&&&&&&&&&&

## FACT CHECK

പാകിസ്ഥാൻ ഇന്ത്യയുടെ എസ്-400 പ്രതിരോധ സംവിധാനം തകർത്തു എന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റെന്ന് പിഐബി ഫാക്ട് ചെക് വിഭാഗം. ഇത്തരം അവകാശ വാദങ്ങൾ അടിസ്ഥാന രഹിതമാണെന്നും പിഐബി അറിയിച്ചു. ന്യൂഡൽഹി വിമാനത്താവളത്തിൽ നടന്ന മിസൈൽ ആക്രമണത്തിൻറെ ദൃശ്യങ്ങൾ എന്ന നിലയിൽ ഒരു പഴയ വീഡിയോ തെറ്റായി പങ്കിടുന്നതായും ഈ വീഡിയോ 2024 ആഗസ്റ്റിൽ യെമനിൽ നടന്ന ഒരു ഗ്യാസ് സ്റ്റേഷൻ സ്ഫോടനത്തിൻറേതാണെന്നും പിഐബി അറിയിച്ചു.

&&&&&&&&&&&&&&&&&&

## IMF INDIA

പാകിസ്ഥാന് കൂടുതൽ ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്ന അന്താരാഷ്ട്ര നാണയ നിധിയുടെ ബോർഡ് യോഗത്തിലെ വോട്ടെടുപ്പിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കായി പാകിസ്ഥാൻ ധനസഹായ ഫണ്ടുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത സംബന്ധിച്ച് ഇന്ത്യ ആശങ്കകൾ ഉന്നയിച്ചു. ഐ.എം.എഫിൽ നിന്ന് ദീർഘകാലമായി കടം വാങ്ങുന്ന രാജ്യമാണ് പാകിസ്ഥാൻ.

&&&&&&&&&&&&&&&&&&

## AAI

അതിർത്തി മേഖലയിൽ സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ രാജ്യത്തുടനീളമുള്ള 32 വിമാനത്താവളങ്ങൾ ഈ മാസം 15 വരെ താൽക്കാലികമായി അടച്ചിടുമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&